**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **19-06-2024 - ൽ മറുപടിയ്ക്ക്**

**ആർ. കെ. ഐ. പദ്ധതിയിൽപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആർ. കെ. ഐ. പദ്ധതിയിൽപ്പെട്ട തൃശ്ശൂർ-കുറ്റിപ്പുറം റോഡിലെ പ്രവൃത്തികൾ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കരാറുകാരന് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ കെ എസ് ടി പി പ്രോജക്റ്റ് ഡയറക്ടറുടെ 07.05.2024 തീയതിയിലെ ഉത്തരവ് പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം എറ്റെടുത്ത കമ്പനിയെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | എങ്കിൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരിച്ച പ്രവർത്തിയുടെ വാല്യുവെഷൻ പുരോഗമിക്കുകയാണ്. പദ്ധതി റീ-ടെണ്ടർ ചെയ്യാൻ ആവശ്യമായ പുതുക്കിയ ഡി.പി.ആർ കൺൾട്ടന്റ് 10.05.2024 ന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഗ്രൗണ്ട് ട്രൂത്തിംഗ് നടന്നു വരികയാണ്. ഗ്രൗണ്ട് ട്രൂത്തിംഗ് പൂർത്തിയാക്കി, അന്തിമ ഡിപിആർ RKI യുടെയും KFW ന്റെയും അനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. RKI യിൽ നിന്നും KFW-ൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി റീ-ടെണ്ടർ ചെയ്യുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ഡി) | തൃശ്ശൂർ-കോഴിക്കോട് സ്റ്റേറ്റ് ഹൈവേയിലെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാത്തതുകൊണ്ടും നിർത്തിവെച്ചത് മൂലവും ഉണ്ടായ ഗതാഗതതടസ്സവും യാത്രാദുരിതവും ഒഴിവാക്കാൻ അടിയന്തര മെയിന്റനൻസ് നടപടികൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | അടിയന്തര റോഡ് അറ്റകുറ്റപ്പണിക്കുള്ള 29 ലക്ഷം രൂപയുടെ പ്രീ-മൺസൂൺ പ്രവർത്തികൾക്കായുള്ള ഭരണാനുമതി GO(Rt) No.199/2024,/P&EA തീയതി 31.05.2024 ഉത്തരവ് പ്രകാരം നൽകി. പ്രവർത്തിക്കായി കെ.എസ്.ടി.പി കുറ്റിപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി വേഗത്തിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ